©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

വാല്യം 7
Vol. VII

തിരുവനന്തപുരം, ചൊവ്വ
Thiruvananthapuram, Tuesday

2018 സെപ്റ്റംബർ 25
25th September 2018

1194 കന്നി 9
9th Kanni 1194

1940 ആശ്വിനം 3
3rd Aswina 1940

നമ്പർ
No. 38

# PART III
# Commissionerate of Land Revenue

### THIRUVANANTHAPURAM DISTRICT

വിജ്ഞാപനം

നമ്പർ DSLR/4863/2018-E1. 2018 സെപ്റ്റംബർ 4.

2018 നവംബർ മാസം 1-ാം തീയതി മുതൽ 2019 ഒക്ടോബർ മാസം 31-ാം തീയതി വരെയുള്ള ഒരു വർഷത്തേക്ക് മൂന്ന് മാസം വീതം കാല ദൈർഘ്യമുള്ള നാല് ബാച്ചുകളിലായി തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ കേന്ദ്രങ്ങളിൽ തുടങ്ങുന്ന ചെയിൻ സർവ്വെ (ലോവർ) ക്ളാസുകളിലേക്കുള്ള പ്രവേശനത്തിന് നിശ്ചിത യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

സർവ്വെ ക്ലാസ്സിൽ ചേരുവാൻ ആഗ്രഹിക്കുന്നവർ അപേക്ഷകൾ 2018 സെപ്റ്റംബർ മാസം 26-ാം തീയതിക്ക് മുൻപായി തിരുവനന്തപുരത്ത് വഴുതക്കാട്ടുള്ള സർവ്വെ ഡയറക്ടറാഫീസിൽ എത്തിച്ചിരിക്കണം. ടൈപ്പ് ചെയ്തോ കൈകൊണ്ടെഴുതിതോ ആയ അപേക്ഷാ ഫോറങ്ങൾ ഉപയോഗിക്കാവുന്നതാണ്. അച്ചടിച്ച അപേക്ഷാ ഫോറങ്ങൾ ഈ ആഫീസിൽ നിന്നും വിതരണം ചെയ്യുന്നതല്ല.

അപേക്ഷകർ കുറഞ്ഞ വിദ്യാഭ്യാസ യോഗ്യതയായ എസ്. എസ്.എൽ. സി.യോ തത്തുല്യമായ പരീക്ഷയോ പാസായവരും 35 വയസ് പൂർത്തിയാകാത്തവരും ആയിരിക്കണം. എന്നാൽ പിന്നോക്ക സമുദായക്കാർക്ക് 38 വയസും പട്ടികജാതി, പട്ടിക വർഗ്ഗക്കാർക്ക് 40 വയസും ആണ് ഉയർന്ന പ്രായപരിധി. 2017 സെപ്റ്റംബർ 1-ാം തീയതി വച്ചു കണക്കാക്കേണ്ടതാണ്.

സർവ്വെ സ്കൂളിൽ ചേരുന്നതിനുള്ള അപേക്ഷയോടൊപ്പം താഴെ പറയുന്ന റിക്കാർഡുകൾ ചേർത്തിരിക്കേണ്ടതാണ്.

1. ഒരു ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ എസ്. എസ്. എൽ. സി. ബുക്കിന്റെ ശരി പകർപ്പ്.

(വയസ് തെളിയിക്കുന്നതിന്റെയും പബ്ളിക് പരീക്ഷയിൽ നേടിയ മാർക്ക് തെളിയിക്കുന്നതിന്റെയും പേജുകൾ)

2. ബന്ധപ്പെട്ട ആഫീസിൽ നിന്ന് ലഭിച്ച ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ അസ്സൽ.

(പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കു മാത്രം)

3. എതെങ്കിലും ഒരു ഗസറ്റഡ് ഉദ്യോഗസ്ഥനിൽ നിന്നും 6 മാസത്തിനകം ലഭിച്ച സ്വഭാവ സർട്ടിഫിക്കറ്റ് (അസ്സൽ).

4. അപേക്ഷകർ എത് ജില്ലക്കാരനാണെന്ന് തെളിയിക്കുന്നതിന് വില്ലേജാഫീസറുടെയോ പഞ്ചായത്ത് പ്രസിഡന്റിന്റെയോ സർട്ടിഫിക്കറ്റ് (അസ്സൽ).

അപേക്ഷ അയയ്ക്കുന്ന കവറിന് പുറത്ത് സർവ്വെ സ്കൂളിൽ ചേരുന്നതിനുള്ള അപേക്ഷ എന്നും കവറിന്റെ പുറത്തെഴുതുന്ന മേൽവിലാസത്തിൽ ഉദ്യോഗപ്പേരും സ്ഥലപ്പേരും (അതായത് ഡയറക്ടർ, സർവ്വെ ആന്റ് ലാന്റ് റിക്കാർഡ്സ്, വഴുതക്കാട്, തിരുവനന്തപുരം) മാത്രമേ എഴുതാൻ പാടുള്ളു. വിമുക്തഭടന്മാർക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്. പ്രായ പരിധിയിൽ ഇളവ് അനുവദിക്കുന്നതല്ല.

തെരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകർ പ്രവേശനം കിട്ടുന്ന മുറയ്ക്ക് സർട്ടിഫിക്കറ്റുകളുടെ അസ്സലുകൾ സർവ്വെ സ്കൂൾ അധികാരികളുടെ മുൻപാകെ ഹാജരാക്കേണ്ടതാണ്. അർഹതയുള്ളവരെന്ന് സർവ്വെ ഡയറക്ടർക്ക് ബോധ്യപ്പെടുന്നപക്ഷം സർക്കാർ ജീവനക്കാരെ 3-ാം ഖണ്ഡികയിൽ പറഞ്ഞിട്ടുള്ള വയസോ പരീക്ഷാ യോഗ്യതയോ പരിഗണിക്കാതെ തെരഞ്ഞെടുക്കാവുന്നതും അവർക്ക് സ്വന്തം ചിലവിൽ പഠിക്കാവുന്നതുമാണ്.

പബ്ലിക് സർവ്വീസ് കമ്മീഷൻ തിരഞ്ഞെടുക്കുന്ന വില്ലേജ് അസിസ്റ്റന്റ്മാർ, രണ്ടാംതരം ഡ്രാഫ്റ്റ്സ്മാൻ, സർവ്വെയർ, ട്രെയിസർമാർ ഇവർക്കും പ്രായപരിധിയോ പരീക്ഷാ യോഗ്യതയോ, പരിഗണിക്കാതെ റവന്യൂ ഡിവിഷണൽ ആഫീസറുടേയോ ജില്ലാകളക്ടറുടെയൊ സർവ്വെ ഡയറക്ടറുടെയോ ഏതാണെന്നു വച്ചാൽ അതു പ്രകാരമുള്ള നിർദ്ദേശാനുസരണം പ്രവേശനം അനുവദിക്കാവുന്നതാണ്.

താഴെ പറയുന്ന പ്രകാരമുള്ള അപേക്ഷകൾ യാതൊരു മുന്നറിയിപ്പും കൂടാതെ നിരസിക്കപ്പെടുന്നതാണ്.

1. ഒപ്പിടാത്തവ.
2. നിർദ്ദിഷ്ട യോഗ്യതയില്ലാത്തവ.
3 പ്രായപരിധി കഴിഞ്ഞവ.
4. വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള മറ്റ് പ്രധാന വ്യവസ്ഥകൾക്ക് വിധേയമാകാത്തവ.
5. എസ്. എസ്. എൽ. സി. യുടെ ശരി പകപ്പുകൾ ഗസറ്റഡ് ഉദ്യോഗസ്ഥനെക്കൊണ്ട് സാക്ഷ്യപ്പെടുത്താത്തവ.
6. ഏതു കേന്ദ്രത്തിലേക്കാണ് പ്രവേശനം വേണ്ടതെന്ന് പ്രത്യേകം കാണിക്കാത്ത അപേക്ഷ.

സർവ്വെ ഡയറക്ടറുടെ കാര്യാലയം, (ഒപ്പ്)
തിരുവനന്തപുരം. സർവ്വെ ഡയറക്ടർ.

## Neyyattinkara Taluk

പരസ്യം

(1)

നമ്പർ എ5-15096/2018. 2018 ആഗസ്റ്റ് 13.

നെയ്യാറ്റിൻകര താലൂക്കിൽ ചെങ്കൽ വില്ലേജിൽ ചെങ്കൽ പി. ഒ., ജിജി നിവാസിൽ സി. വിജയകുമാർ മരിച്ചുപോയതിനാൽ പരേതന്റെ പേരിൽ എസ്.ബി.ഐ., ഉദിയൻകുളങ്ങരയിൽ ഹാജരാക്കി ആനുകൂല്യങ്ങൾ വാങ്ങുന്നതിനും മറ്റാവശ്യങ്ങൾക്കുമായി (രണ്ട് ലക്ഷം രൂപ വരെയുള്ള) ഒരു അവകാശ സർട്ടിഫിക്കറ്റ് ലഭിക്കണമെന്ന് കാണിച്ച് ടി വീട്ടിൽ ജിമ, സി. വി. ബോധിപ്പിച്ച അപേക്ഷയിൻമേൽ ചെങ്കൽ വില്ലേജാഫീസർ മുഖേന അവകാശ വിചാരണ നടത്തിവന്ന റിക്കാർഡിൻ പ്രകാരം ടിയാൻ 15-4-2018-ൽ മരിച്ചുപോയതായും പരേതന്റെ നിയമാനുസൃതാവകാശികളായി

| | | | വയസ് |
|---|---|---|---|
| 1. | ജിന, സി. വി. | മകൾ | 35 |
| 2. | ജിമ, സി. വി. | ,, | 35 |
| 3. | ജിജ, സി. വി. | ,, | 33 |
| 4. | ജിജി, സി. വി. | ,, | 31 |

ഇവർ മാത്രമാണുള്ളതെന്നും പരേതന്റെ മാതാപിതാക്കൾ ജീവിച്ചിരിപ്പില്ലായെന്നും അറിയുന്നതിനാൽ പരേതന്റെ പേരിൽ അനന്തരാവകാശ സർട്ടിഫിക്കറ്റ് മുഖേന ലഭിക്കാനുള്ള എല്ലാ ആനുകൂല്യങ്ങളും വാങ്ങുന്നതിനുള്ള അവകാശികൾ മേൽപ്പറഞ്ഞവർ മാത്രമാണെന്ന് കാണിച്ച് സർട്ടിഫിക്കറ്റ് കൊടുക്കുന്നതിന് ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം അവർ ആ വിവരം പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം നേരിട്ട് ബോധിപ്പിക്കേണ്ടതാണ്. താമസിച്ചും തപാൽവഴിയും ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

(2)

നമ്പർ എ1-16754/2018. 2018 സെപ്റ്റംബർ 7.

നെയ്യാറ്റിൻകര താലൂക്കിൽ അതിയന്നൂർ വില്ലേജിൽ നെല്ലിമൂട് പി. ഒ., വെൺകുളം, സാരല്യത്തിൽ സരളാഭായി മരിച്ചുപോയതിനാൽ പരേതയുടെ പേരിൽ ട്രഷറിയിൽ ഹാജരാക്കുന്നതിനും മറ്റാവശ്യങ്ങൾക്കുമായി (രണ്ട് ലക്ഷം രൂപ വരെയുള്ള) ഒരു അവകാശ സർട്ടിഫിക്കറ്റ് ലഭിക്കണമെന്ന് കാണിച്ച് ടി വീട്ടിൽ സണ്ണി, യു. എസ്. ബോധിപ്പിച്ച അപേക്ഷയിൻമേൽ അതിയന്നൂർ വില്ലേജാഫീസർ മുഖേന അവകാശ വിചാരണ നടത്തിവന്ന റിക്കാർഡിൻ പ്രകാരം ടിയാൾ 13-8-2018-ൽ മരിച്ചുപോയതായും പരേതയുടെ നിയമാനുസൃതാവകാശിയായി

| | | വയസ് |
|---|---|---|
| സണ്ണി, യു. എസ്. | മകൻ | 40 |

മാത്രമാണുള്ളതെന്നും പരേതയുടെ മാതാപിതാക്കളും ഭർത്താവും ജീവിച്ചിരിപ്പില്ലായെന്നും അറിയുന്നതിനാൽ പരേതയുടെ പേരിൽ അനന്തരാവകാശ സർട്ടിഫിക്കറ്റ് മുഖേന ലഭിക്കാനുള്ള എല്ലാ ആനുകൂല്യങ്ങളും വാങ്ങുന്നതിനുള്ള അവകാശി മേൽപ്പറഞ്ഞയാൾ മാത്രമാണെന്ന് കാണിച്ച് സർട്ടിഫിക്കറ്റ് കൊടുക്കുന്നതിന് ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം അവർ ആ വിവരം പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം നേരിട്ട് ബോധിപ്പിക്കേണ്ടതാണ്. താമസിച്ചും തപാൽവഴിയും ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.